**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2778** **13-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാട് സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ കണ്ടൽക്കാടുകൾ എവിടെയെല്ലാമാണ് ഉള്ളതെന്ന് മണ്ഡലങ്ങൾ തിരിച്ച് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ അഴീക്കോട്, കല്ല്യാശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ, ധർമ്മടം മണ്ഡലങ്ങളിൽ 89 ബിറ്റുകളിലായി 237.105 ഹെക്ടർ കണ്ടൽ റിസർവ്വ് നിലവിലുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ എതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കണ്ണൂർ ജില്ലയിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിന് സന്നദ്ധരായ സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. നിലവിൽ റിസർവ്വായി പ്രഖ്യാപിച്ച കണ്ടൽ വനങ്ങൾ പില്ലറുകൾ സ്ഥാപിച്ച് സംരക്ഷിച്ചു വരുന്നു. |
| (സി) | നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (സി) | കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്സ് , 2003 ) ആക്ട് 4 പ്രകാരം സ്വകാര്യ കണ്ടലുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കണ്ടൽക്കാടുകളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നുണ്ട്. കൂടാതെ കണ്ടൽ സംരക്ഷണത്തിനായി വാച്ചർമാരെ നിയോഗിച്ചിട്ടുമുണ്ട്. ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സാമൂഹ്യ വനവൽക്കരണ വിഭാഗം വിവിധ ഇനം കണ്ടൽ ചെടികളും അനുബന്ധ ചെടികളും ഉൽപാദിപ്പിച്ച് പൊതു ജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ഗാർഹിക ഇന്ധന ആവശ്യങ്ങൾക്ക് കണ്ടൽ ചെടികൾ നശിപ്പിക്കപ്പെടാതിരിക്കുവാൻ തദ്ദേശീയർക്ക് സൗകര്യപ്രദമായ രീതിയിൽ ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കണ്ണൂർ ജില്ലയിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിന് സന്നദ്ധരായ സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽവനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി അഴീക്കോട് മണ്ഡലത്തിലും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിൽ കണ്ടൽക്കാടുകൾ വിട്ട് നൽകുന്നതിന് സന്നദ്ധരായ സ്വകാര്യവ്യക്തികളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ